## 2010 മാർച്ച് 4

# ഉത്ഥാനത്തിരുന്നാൾ

ഫാ. പ്രഭീഷ് ജോർജ്ജ്

ഉയിർപ്പ് തിരുന്നാൾ ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം ഏറെ സന്തോഷം നൽകുന്ന അനുഭവമാണ്. ആത്മീയവും ഭൗതീകവുമായ ഏറ്റവും വലിയ ഒരുക്കത്തോടു കൂടിയാണ് നാം ഈ തിരുന്നാൾ കൊണ്ടാടുന്നത്. നമുക്കുചുറ്റും നടക്കുന്ന നിരവധി ആഘോഷങ്ങളിൽ ഒന്നായി ഈ തിരുന്നാളും മാറുമ്പോൾ കർത്താവിന്റെ ഉയിർപ്പ് മനുഷ്യരാശിക്ക് നൽകിയ സന്ദേശം വിസ്മരിക്കാൻ ഇടയാകുന്നു. ഓരോ ഉയിർപ്പ് തിരുന്നാളും കടന്നുപോകുമ്പോൾ നിസംഗരായി നിൽക്കാതെ ക്രൈസ്തവരായ നാം നൽകുന്ന സാക്ഷ്യത്തെക്കുറിച്ച് ചിന്തിക്കേണ്ടത് അത്യാവശ്യമാണ്. സാമ്പത്തിക തകർച്ച, കുടുംബങ്ങളുടെയും വ്യക്തികളുടെയും സ്വസ്ത തകർക്കുന്നത് നാം മാധ്യമങ്ങളിലൂടെ നിരന്തരം അറിഞ്ഞുകൊണ്ടിരിക്കുകയാണ്. ഇപ്രകാരമുള്ള തകർച്ച പെരുന്നാൾ ആഘോഷത്തിന്റെ പ്രസക്തിയെപ്പോലും ചോദ്യം ചെയ്യുകയാണ്. തകർച്ചയുടെ നാളുകളിലും പ്രത്യാശയോടെ ജീവിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന ചൈതന്യം എന്തെന്ന് വിളിച്ചുപറയാൻ ഈ അവസരം വിശ്വാസികൾ വിനിയോഗിക്കണം.

വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹ്യജീവിതത്തിലും നിരാശയിലേയ്ക്ക് നമ്മെ തള്ളിവീഴ്ത്തുന്ന നിരവധി സംഭവങ്ങൾ ദിനംപ്രതി അരങ്ങേറുന്നു. പിന്നുവീഴുന്ന കുഞ്ഞിന് കുടുംബത്തിൽ സ്ഥാനം ലഭിക്കാതെ വരുന്നത്, പെറ്റുവളർത്തിയ മാതാപിതാക്കളെ തെരുവോരങ്ങളിലുപേക്ഷിക്കുന്നത്, സ്നേഹിക്കാനും സഹായിക്കാനും ആരുമില്ലാതെ അലയേണ്ടി വരുന്നത്, സ്നേഹിച്ചവരും സഹായിച്ചവരും തള്ളിപ്പറയുന്നത്.... ഇങ്ങനെ നിരാശയുടെ വേരുകൾ ജീവിതത്തിന്റെ സമസ്തമേഖലകളിലും വേരു പാകിയിരിക്കുകയാണ്. ഇത്തരം നിരാശയുടെ അനുഭവങ്ങൾ ഉണ്ടാക്കുന്ന പ്രത്യാഘാതം നിരവധിയാണ്. സാമ്പത്തിക മാന്ദ്യങ്ങളും തകർച്ചകളും ഒരുവശത്ത് നിലനിൽക്കുമ്പോൾത്തന്നെ, സമൂഹത്തിൽ തീവ്രവാദവും വിഭാഗീയതയും, സാമൂഹ്യ തിന്മകളും അനീതിപരമായ പ്രവർത്തനങ്ങളും നാൾക്കുനാൾ കൂടിവരികയാണ്. അതിലൊക്കെ ഉപരിയായി വ്യക്തി ബന്ധങ്ങളിലുണ്ടാകുന്ന വിള്ളലുകളും മുറിവുകളും മനുഷ്യമനസ്സിലെ പ്രത്യാശയുടെ അവസാന നാളും ഉതിക്കെടുത്തുകയാണ്. വിശ്വാസത്തിനു വിലകല്പിക്കാത്ത ഭൗതീകതയുടെ അതിപ്രസരം നമ്മുടെ ജീവിത സങ്കൽപ്പങ്ങളെ താറുമാറാക്കുകയാണ്. മനുഷ്യജീവിതത്തെ ഭൗതീകതയുടെ മാനദണ്ഡത്തിലൂടെ കാണുകയും അവതരിപ്പിക്കുകയും ചെയ്യുന്ന മാദ്ധ്യമങ്ങൾ നൽകുന്ന സന്ദേശം നിരാശയുടെ അന്ധകാരം വ്യാപിപ്പിക്കാൻ ഇടയാക്കുന്നു. അതിനാൽ പ്രത്യാശയോടെ ജീവിക്കുക എന്നത് ആധുനിക കാലഘട്ടത്തിൽ പ്രയാസകരമായ ഒരു സത്യമാണ്.

ഈ സാഹചര്യത്തിലാണ് പത്രോസ് ശ്ലീഹായുടെ പ്രബോധനം നാം ശ്രദ്ധിക്കേണ്ടത്. “ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ പൂജിക്കുവിൻ. നിങ്ങൾക്കുള്ള പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടിപറയാൻ സദാസന്നദ്ധരായിരിക്കുവിൻ” (1 പത്രോ 3:5) പ്രതിസന്ധികളുടെ നടുവിലും വിശ്വാസ ജീവിതത്തിൽ നമ്മെ മുന്നോട്ട് നയിക്കുന്ന പ്രേരക ശക്തിയായ പ്രത്യാശ ചോദ്യംചെയ്യപ്പെടുമ്പോൾ, പത്രോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നതുപോലെ, അതിനെപ്പറ്റി “വിശദീകരണം നൽകുക” എന്നത് അതിലേറെ ക്ലേശകരമായ യാഥാർത്ഥ്യമാണ്.

പ്രത്യാശയെക്കുറിച്ചുള്ള ആദ്യത്തെ പരാമർശം വിശുദ്ധ വേദപുസ്തകത്തിൽ നാം കാണുന്നത് ഉൽപത്തി പുസ്തകത്തിലാണ്. “.... നീയും (സർപ്പവും) സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തലകർക്കും. നീ അവന്റെ കുതികാലിൽ പരിക്കേൽപ്പിക്കും” (3:15). ദൈവത്തിന്റ ഈ അരുളപ്പാട് നൽകുന്നത് പ്രത്യാശയുടെ വിത്തുകളാണ്. അന്ധകാര ശക്തികളുമായുള്ള നിരന്തര സംഘട്ടനത്തിൽ പ്രകാശത്തിന്റെ മക്കൾക്ക് ലഭിക്കുന്ന വിജയ സാധ്യത ഇവിടെ പ്രത്യാശയായി അവതരിപ്പിക്കുന്നു. മനുഷ്യകുലത്തിന് പ്രതീക്ഷയ്ക്ക് വക നൽകുന്ന ഈ ദൈവീക വെളിപാട് ക്രിസ്തീയ പ്രത്യാശയുടെ അടിസ്ഥാനമായി

നിലനിൽക്കുന്നു. ഈ പ്രത്യാശയുടെ വളർച്ചയുടെ ചരിത്രമാണ് ഇസ്രായേൽ ജനത, അതിന്റെ വിവരണമാണ് വി. വേദപുസ്തകം.

വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ ജീവിതം പ്രത്യാശയുടെ ഒരു വലിയ സാക്ഷ്യമാണ്. അറിയാത്ത നാട്ടിലേക്ക് അടുത്തവരെയും അയല്ക്കാരെയും ഉപേക്ഷിച്ച് യാത്ര ചെയ്യാൻ ദൈവം ആവശ്യപ്പെടുമ്പോൾ അതിന് തയ്യാറാകുന്ന അബ്രഹാമിന്റെ പ്രത്യാശയുടെ അടിസ്ഥാനം എന്തായിരുന്നു എന്ന് നാം ചിന്തിക്കേതാണ്. "ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയും കടൽക്കരയിലെ മണൽത്തരികളെപ്പോലെയും" സന്തതി പരമ്പരകളെ നൽകുമെന്ന് അരുളിച്ചെയ്ത ദൈവത്തിന്റെ വാഗ്ദാനമായിരുന്നു എഴുപത്തിയഞ്ച് കഴിഞ്ഞ അബ്രഹാമിനെ മുന്നോട്ട് നയിച്ച പ്രത്യാശ. ദൈവത്തിന്റെ വാഗ്ദാനം നഗ്നനേത്രങ്ങൾ കൊ് ദർശിച്ചുകഴിഞ്ഞപ്പോൾ വയോധികനായ അബ്രഹാമിന്റെ പ്രത്യാശയുടെ കേന്ദ്രം തന്റെ ഏകസമ്പാദ്യമായ ഇസഹാക്കിലേക്ക് മാറുക എന്നത് സ്വാഭാവികം മാത്രം. അവിടെ ദൈവം, അബ്രഹാമിനോട് പ്രത്യാശയുടെ വിശദീകരണം ചോദിക്കുകയാണ്. "നീ സ്നേഹിക്കുന്ന നിന്റെ ഏകമകൻ ഇസഹാക്കിനെ.... എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം" (ഉൽപ 22:2). മാനുഷിക രീതിയിൽ അസാധ്യമായതിൽ (സന്തതി പരമ്പര) പ്രത്യാശയർപ്പിക്കുന്നതിനേക്കാൾ ഏറെ പ്രയാസമേറിയതാണ് അബ്രഹാമിനെ സംബന്ധിച്ചിടത്തോളം ഈ പ്രത്യാശ (ഏകപുത്രനെ ബലികഴിക്കുക) വിശദീകരിക്കുക എന്നത്. പക്ഷെ ബലിയർപ്പിക്കാൻ തയ്യാറായതിലൂടെ, അബ്രഹാം പ്രത്യാശയുടെ കേന്ദ്രമായി തന്റെ ജീവിതത്തിൽ നിലകൊള്ളുന്നത് ദൈവത്തിന്റെ വാഗ്ദാനമാണെന്ന് തെളിയിച്ചു. നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം ദൈവത്തിന്റെ വാഗ്ദാനമാണ്.

ഇസ്രായേൽ ജനത ദൈവത്തിന്റെ വാഗ്ദാനം ചരിത്രത്തിൽ നിറവേറിയത് പല സന്ദർഭങ്ങളിലും അനുഭവിച്ചറിഞ്ഞവരാണ്. ആദം, നോഹ, അബ്രഹാം, മോശ എന്നിവരുമായി ദൈവം ഉാക്കിയ ഉടമ്പടികൾ ചരിത്രപരമായി പൂവണിഞ്ഞ പ്രത്യാശയുടെ അടയാളങ്ങളാണ്. ഇസ്രായേൽക്കാരെ സംബന്ധിച്ചിടത്തോളം പ്രത്യാശയുടെ ചിറകൊടിഞ്ഞ ദിനങ്ങളായിരുന്നു പ്രവാസജീവിതം. അടിമത്തത്തിന്റെ അനുഭവം പ്രത്യാശ എന്ന സങ്കല്പത്തിന് ചരിത്രാധീതമായ വ്യാഖ്യാനം നൽകാൻ ഇസ്രായേൽ ജനതയെ പ്രേരിപ്പിച്ചു. ഭാവികാലോന്മുഖമായ (future-oriented) സത്യമായി പ്രത്യാശയെ ഇസ്രായേൽ ജനത കു. പ്രവാചകന്മാരുടെ പ്രബോധനങ്ങളിൽ നാം കാണുന്നതും ഇത്തരം ചരിത്രാധീതമായ പ്രത്യാശയുടെ ചിന്തകളാണ്. ഇസ്രായേൽ ജനതയുടെ പ്രത്യാശയുടെ സങ്കല്പങ്ങൾക്ക് പുതിയ ഭാവം നൽകിക്കൊാണ് യേശുക്രിസ്തു മനുഷ്യനായി അവതരിച്ച്. പീഡാസഹനം, കുരിശുമരണം, ഉത്ഥാനം എന്നിവയിലൂടെ തിന്മയുടെയും മരണത്തിന്റെയും മേലുള്ള വിജയം എന്ന പ്രവചനം നിവർത്തിയാക്കി. അങ്ങനെ, പ്രത്യാശ മനുഷ്യന് അനുഭവിക്കാവുന്ന തരത്തിൽ സംലഭ്യമാക്കി. രക്ഷാകരചരിത്രത്തിൽ ക്രിസ്തുവിന്റെ ഉത്ഥാനം ഇസ്രായേൽ ജനതയുടെ പ്രത്യാശയുടെ സമ്യക്കായ പുനരവതരണമായിരുന്നു.

യേശുവിന്റെ രക്ഷാകരപ്രവർത്തനങ്ങൾ മനുഷ്യപുത്രന്റെ ഉയിർപ്പ് എന്ന സത്യത്തിലേയ്ക്ക് വഴിയൊരുക്കിയപ്പോൾ ക്രൈസ്തവ ജീവിതത്തിൽ ക്രിസ്തുവിന്റെ ഉത്ഥാനം പ്രത്യാശയുടെ കേന്ദ്ര ബിന്ദുവായി മാറി. "ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലായെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1കോറി 15:14) എന്ന് സാക്ഷ്യപ്പെടുത്താൻ പൗലോസ് അപ്പസ്തോലന് സാധിച്ചത് ഈ സത്യം തിരിച്ചറിഞ്ഞതുകൊ്. "ഇനിമേൽ ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ 2:22) എന്ന് പറയാൻ ക്രിസ്തു ശിഷ്യന് സാധിക്കുന്നത് ഈ ബോധ്യം ജീവിതത്തിന്റെ ഭാഗമാവുമ്പോഴാണ്.

ആദിമ ക്രൈസ്തവരുടെ ജീവിതം നമുക്ക് മാതൃകയാണ്. പീഡനങ്ങളുടെ കാലഘട്ടത്തിലൂടെ കടന്നുപോയപ്പോൾ, പ്രത്യാശ നഷ്ടപ്പെടാത്തവരായി അവർ ജീവിച്ചു. ശരീരത്തിന്റെ വേദനകൾക്കും മനസ്സിന്റെ നൊമ്പരങ്ങൾക്കുമപ്പുറം ജീവിതത്തിൽ പ്രത്യാശ കാണുവാൻ അവർക്ക് സാധിച്ചു. തന്മൂലം, വന്യമൃഗങ്ങളുടെ മുമ്പിൽ ചിരിച്ചുകൊ് നിൽക്കാനും തീച്ചൂളയിൽ നൃത്തംചെയ്യാനും തടവറയിൽ പാടിസ്തുതിക്കാനും അവർക്ക് സാധിച്ചു. ഇത്തരം പ്രവർത്തികൾ ക വിജാതീയർ അവരുടെ പ്രത്യാശയുടെ വിശദീകരണം ചോദിക്കുമ്പോൾ ഉത്ഥിതനായ കർത്താവിനെ ചൂികാണിക്കാൻ അവർക്ക് സാധിച്ചു എന്നത് രക്തസാക്ഷികളുടെ വിശ്വാസ ദൃഢതയ്ക്ക് ഉത്തമ ഉദാഹരണമാണ്.

അങ്ങനെ ഉത്ഥിതനായ ക്രിസ്തു പ്രത്യാശയുടെ കേന്ദ്രമായി മാറുകയാണ്. ക്രിസ്തുവിന്റെ ഉത്ഥാനം, പ്രത്യാശയുടെ പെരുന്നാളായി നാം ആഘോഷിക്കുന്ന ഈ പശ്ചാത്തലത്തിൽ രക്തസാക്ഷികളെപ്പോലെ പ്രത്യാശ വിശദീകരിക്കാൻ നമുക്കും സാധിക്കണം.

**ഉത്ഥാനത്തിരുന്നാൾ ഇന്ന്**

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഓരോ ഉത്ഥാന തിരുന്നാളും വെല്ലുവിളിയുടെ നാളുകളാണ്. പ്രത്യാശ ആഘോഷിക്കുക മാത്രമല്ല, അതിന് വിശദീകരണം നൽകുക കൂടിചെയ്യാൻ നാം ബാധ്യസ്തരാണെന്ന് ഓരോ ഉയിർപ്പുതിരുന്നാളും നമ്മെ ഓർമപ്പെടുത്തുന്നു. അതിനാൽ, നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം (കേന്ദ്രം) എവിടെയാണ് എന്ന് ആത്മശോധന ചെയ്യുന്നത് ഏറെ അഭികാമ്യമാണ്. ദൈവത്തിന്റെ വാഗ്ദാനത്തിൽ നിന്നും ഉത്ഥിതനായ ക്രിസ്തുവിൽ നിന്നും നമ്മുടെ ശ്രദ്ധ മാറിപോകുന്നത് ഒരു വലിയ പ്രവാസജീവിതത്തിന്റെ അപകടത്തിലേയ്ക്കാണ് നയിക്കുന്നത്. അന്ധകാര ശക്തികൾക്ക് അടിമവേലചെയ്യുന്നവരായി ക്രൈസ്തവരും മാറുന്നു എന്നത് ഏറെ ആശങ്കാജനകമായ സത്യമാണ്. നമുക്ക് തെറ്റുപറ്റിയതെവിടെ?

ഒന്നാമതായി, ക്രിസ്തുവിന്റെ ഉത്ഥാനം പ്രത്യാശയുടെ അടിസ്ഥാനമാക്കി മാറ്റുവാൻ നമുക്ക് ഇനിയും സാധിച്ചിട്ടില്ല എന്നതാണ്. ഇത് സാധിക്കണമെങ്കിൽ വി. പൗലോസിനെപ്പോലെ, മറ്റൊരു ക്രിസ്തുവായി നാം ഈ ലോകത്തിൽ മാറണം. നന്മയുടെ കിരണങ്ങൾ പൂർണമായും മങ്ങിയിട്ടില്ലായെന്ന് ജീവിതത്തിൽ നാം അനുഭവിച്ചറിയണം. പ്രത്യാശയുടെ ഒരു പുതിയ സംസ്ക്കാരത്തിന് നാന്ദിക്കുറിക്കേ സമയം അതിക്രമിച്ചിരിക്കുന്നു. ഒഴുക്കിനനുസരിച്ച് നീന്തുന്നവരായി മാറാതെ, ലോകത്തിന്റെ മോഹങ്ങൾക്കും താല്പര്യങ്ങൾക്കുമുപരിയായി ചിന്തിക്കാനും പ്രവർത്തിക്കാനും വിശ്വാസികൾക്ക് സാധിക്കണം. കാരണം, ഭൗതീകതയിൽ മുഴുകുന്നവർ പ്രത്യാശ നശിച്ച് അധമ വികാരങ്ങൾക്ക് അടിമയാകുന്നവരാണ്.

രാമതായി, നമ്മുടെ പ്രത്യാശയ്ക്ക് വിശദീകരണം നാം നൽകണം. വിശദീകരണം എന്നത് ഒരു സാക്ഷ്യപ്പെടുത്തലാണ്. ക്രിസ്തു ഉയിർത്തു എന്ന് ലോകത്തിൽ സാക്ഷ്യപ്പെടുത്തുക. ക്രിസ്തുവിന്റെ ഉയിർപ്പ്, ഈ ലോകജീവിതത്തിനുമപ്പുറം ഒരു ജീവിതമുന്നെതിന്റെ ചരിത്രത്തിലെ തെളിവാണ്. ഈ ലോകജീവിതത്തോട് വിമുഖരായി മാറാതെ നിത്യജീവൻ നേടാനായി ഈ ലോകത്തിൽ നാം കഠിനമായി അദ്ധ്വാനിക്കണമെന്ന് ഉയിർപ്പ് തിരുന്നാൾ നമ്മെ ഓർമപ്പെടുത്തു. മന്ദതയും നിസംഗതയും അലസതയുമെല്ലാം പ്രത്യാശയ്ക്ക് എതിരായ മനോഭാവങ്ങളാണ്. ഈ ലോകജീവിതത്തിൽ നിസംഗരായി നിലകൊള്ളാതെ ക്രിയാത്മകമായി ജീവിക്കുന്നതിലൂടെ ഈ സാക്ഷ്യപ്പെടുത്തൽ സജീവമാവുകയാണ്.

മൂന്നാമതായി, പ്രത്യാശയുടെ വിശദീകരണം ഒരു സംസ്ക്കാരമായി മാറണം. വ്യക്തികളെ സാമൂഹവുമായി ബന്ധിപ്പിക്കുന്ന അടിസ്ഥാന ഘടകമാണ് സംസ്ക്കാരം. പ്രത്യാശയുടെ പ്രകാശം വ്യക്തികളിൽ നിന്ന് സമൂഹങ്ങളിലേയ്ക്ക് പകർന്നു നൽകുന്നത് സംസ്ക്കാരത്തിലൂടെയാണ്. അതിനാൽ പ്രത്യാശയുടെ സംസ്ക്കാരം നമുക്ക് അനിവാര്യമാണ്. മരണസംസ്ക്കാരത്തിൽ നിന്ന് ജീവന്റെ സംസ്ക്കാരത്തിലേയ്ക്കുള്ള ഒരു ചുവടുമാറ്റം ഈ വിശദീകരണ പ്രക്രിയയുടെ ഭാഗമാണ്. മനുഷ്യജീവനെ തൃണവത്ഗണിക്കുന്ന നിയമങ്ങളും മാമൂലുകളും പ്രത്യയശാസ്ത്രങ്ങളും മരണ സംസ്ക്കാരത്തിന്റെ അടിവേരുകളാണ്. . അത്തരം പ്രവണതകൾക്കെതിരെ ശബ്ദമുയർത്തുന്നതും പ്രതികരിക്കുന്നതും പ്രത്യാശ വിശദീകരിക്കുന്നതിന്റെ ഭാഗമാണ്. പ്രത്യാശയുടെ പ്രവാചകരായി നാം നിലകൊള്ളണം.

അവസാനമായി, ഉത്ഥാന തിരുന്നാൾ ക്രൈസ്തവ ജീവിത ശൈലികളെക്കുറിച്ച് വീുവിചാരം നടത്താൻ നമ്മെ പ്രേരിപ്പിക്കുന്നു. ആഡംബരങ്ങൾക്കും അലങ്കാരങ്ങൾക്കുമപ്പുറം ആഴമേറിയ... ആത്മാർത്ഥതയുള്ള... വ്യക്തിപരമായ..... ദൈവമനുഷ്യബന്ധത്തിലേയ്ക്ക് നാം വളരേയിരിക്കുന്നു. ഇല്ലെങ്കിൽ പ്രതിസന്ധികളിൽ തകർന്നുപോകുന്ന വെറുമൊരു സമൂഹമായി ക്രൈസ്തവ സമൂഹം തരംതാണുപോകും. കപടതകളും വിഭാഗീയതകളും ഉപേക്ഷിച്ച് ആത്മാർത്ഥമായ സമർപ്പണത്തിലേയ്ക്ക് കടന്നുവരാൻ ഓരോ ക്രൈസ്തവർക്കും സാധിക്കണം.